# മാർഗ്ഗനിർദ്ദേശങ്ങൾ നമ്പർ – 4

## കൗണ്ടിംഗ് സൂപ്പർവൈസർമാർക്കും അസിസ്റ്റന്റുമാർക്കും ഉള്ള നിർദ്ദേശങ്ങൾ

1. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തിലേയ്ക്ക് ഒരേ സമയം നടത്തുന്ന തിരഞ്ഞെടുപ്പിൽ വോട്ടെണ്ണൽ നടത്തുന്നതിന് ഓരോ കൗണ്ടിംഗ് ടേബിളിലും ഒരു കൗണ്ടിംഗ് സൂപ്പർവൈസറും രണ്ട് കൗണ്ടിംഗ് അസിസ്റ്റന്റുമാരും ഉണ്ടായിരിക്കുന്നതാണ്. എന്നാൽ മുനിസിപ്പാലിറ്റികളിലേയ്ക്കും മുനിസിപ്പൽ കോർപ്പറേഷനുകളിലേയ്ക്കുമുള്ള തിരഞ്ഞെടുപ്പിലേയ്ക്കുള്ള വോട്ടെണ്ണലിനു ഒരു കൗണ്ടിംഗ് ടേബിളിൽ ഒരു കൗണ്ടിംഗ് സൂപ്പർവൈസറും ഒരു കൗണ്ടിംഗ് അസിസ്റ്റന്റും മതിയാകുന്നതാണ്.

2. വോട്ടിംഗ് മെഷീനുകൾ കൗണ്ടിംഗ് ടേബിളിൽ കൊണ്ടു വരുന്നത് നിയോജകമണ്ഡലത്തിന്റെ/വാർഡിന്റെ ഒന്നു മുതലുള്ള ക്രമത്തിലായിരിക്കണം. അതായത് ഒരു കൗണ്ടിംഗ് ഹാളിൽ പത്തു കൗണ്ടിംഗ് ടേബിളുകൾ ഉണ്ടെങ്കിൽ, അതതു സംഗതിപോലെ, പഞ്ചായത്തിന്റെ അല്ലെങ്കിൽ മുനിസിപ്പാലിറ്റിയുടെ ഒന്നു മുതൽ 10 വരെ നിയോജക മണ്ഡലങ്ങളുടെ/വാർഡുകളുടെ വോട്ടിംഗ് മെഷീനുകളായിരിക്കണം ആദ്യം കൊണ്ടുവന്ന് എണ്ണേണ്ടുന്നത്. അപ്രകാരം ആദ്യത്തെ 10 നിയോജകമണ്ഡലങ്ങളിലെ/വാർഡുകളിലെ വോട്ടുകൾ എണ്ണി കഴിഞ്ഞ് അത് ഫാറം 24എ-യിൽ രേഖപ്പെടുത്തി കൗണ്ടിംഗ് സൂപ്പർവൈസർ ഒപ്പ് വെച്ചതിനുശേഷം മാത്രമെ 11 മുതലുള്ള നിയോജകമണ്ഡലങ്ങളുടെ/വാർഡുകളുടെ വോട്ടിംഗ് മെഷീനുകൾ കൗണ്ടിംഗ് ടേബിളുകളിൽ കൊണ്ടു വരാൻ പാടുള്ളൂ. കൗണ്ടിംഗിന്റെ ആവശ്യത്തിലേയ്ക്കായി വോട്ടിംഗ് മെഷീന്റെ കൺട്രോൾ യൂണിറ്റ് മാത്രം കൗണ്ടിംഗ് ടേബിളിലേയ്ക്കു കൊണ്ടു വന്നാൽ മതിയാകുന്നതാണ്.

3. ത്രിതല പഞ്ചായത്തുകളിലേയ്ക്ക് ഒന്നിച്ചു വോട്ടെടുപ്പ് നടക്കുന്ന സംഗതികളിൽ വോട്ടെടുപ്പ് പൂർത്തിയായതിനു ശേഷം വോട്ടിംഗ് മെഷീന്റെ കൺട്രോൾ യൂണിറ്റിനോടൊപ്പം പ്രിസൈഡിംഗ് ഓഫീസർ മുദ്രവെച്ചിട്ടുള്ള കവറിൽ ഓരോ തലത്തിലുമുള്ള പഞ്ചായത്തിനെ സംബന്ധിക്കുന്ന ഫാറം 24എയും പ്രസ്തുത പോളിംഗ് സ്റ്റേഷനിൽ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/ജില്ലാ പഞ്ചായത്ത് എന്നിവയിലേക്കുള്ള തിരഞ്ഞെടുപ്പിനു പോളിംഗ് സ്റ്റേഷനിലെ ബാലറ്റുയൂണിറ്റുകളിൽ ഉപയോഗിക്കുന്നതിനും മറ്റും നല്കിയിട്ടുള്ളതിൽ നിന്നും റദ്ദാക്കിയ ഓരോ തലത്തിലുമുള്ള ബാലറ്റു ലേബലുകളും (ബാലറ്റു പേപ്പറുകൾ) ഉണ്ടായിരിക്കുന്നതാണ്.

4. മൂന്ന് തലത്തിലേയ്ക്കുള്ള തിരഞ്ഞെടുപ്പു ഒന്നിച്ചു നടക്കുന്ന സംഗതിയിൽ ഓരോ തലത്തിലേക്കും പ്രത്യേകം പ്രത്യേകം ഫാറം 24 എ ഉണ്ടായിരിക്കുന്നതും അവയിൽ ഓരോ തലത്തിലും വോട്ടിംഗ് മെഷീൻ രേഖപ്പെടുത്തിയ വോട്ടുകളുടെ കണക്കും ഉണ്ടായിരിക്കുന്നതുമാണ്.

5. ഒരു ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലത്തിൽ/മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ വാർഡിൽ ഒന്നിൽ കൂടുതൽ പോളിംഗ് സ്റ്റേഷനുകൾ ഉണ്ടെങ്കിൽ ആ നിയോജകമണ്ഡലത്തിലെ/വാർഡിലെ എല്ലാ പോളിംഗ് സ്റ്റേഷനുകളുടെയും വോട്ടിംഗ് മെഷീനുകൾ (കൺട്രോൾ യൂണിറ്റ്) ഒരു എണ്ണൽ മേശയിൽ കൊണ്ടു വരേണ്ടതാണ്. സാധാരണയായി ഒരു നിയോജകമണ്ഡലത്തിൽ/വാർഡിൽ ഒന്നോ അല്ലെങ്കിൽ രണ്ടോ പോളിംഗ് സ്റ്റേഷനുകളെ ഉണ്ടാകൂ. രണ്ട് പോളിംഗ് സ്റ്റേഷനുകളെ ഉണ്ടെങ്കിൽ ആദ്യം ഒന്നാമത്തെ പോളിംഗ് സ്റ്റേഷനിലുള്ള വോട്ടിംഗ് മെഷീനാണ് എണ്ണേണ്ടുന്നത്.

6. വോട്ടിംഗ് മെഷീന്റെ കൺട്രോൾ യൂണിറ്റ് അടങ്ങിയ പെട്ടികളും പോളിംഗ് സ്റ്റേഷനുകളിൽ വെച്ച് പ്രിസൈഡിംഗ് ഓഫീസർമാർ സീൽ ചെയ്തിരിക്കും. പ്രസ്തുത സീൽ കൗണ്ടിംഗ് ഏജന്റുമാരുടെ (വോട്ടെണ്ണൽ ഏജന്റുമാരുടെ) മുന്നിൽ വെച്ചു തുറക്കേണ്ടതാണ്. വോട്ടിംഗ് മെഷീനുകളിൽ സീൽ ചെയ്തിട്ടുള്ള ടാഗുകളിൽ കൺട്രോൾ യൂണിറ്റിന്റെ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ടായിരിക്കും. കൂടാതെ കൺട്രോൾ യൂണിറ്റിൽ അടിഭാഗത്തായി അതിന്റെ നമ്പർ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നമ്പർ തന്നെയാണോ പ്രിസൈഡിംഗ് ഓഫീസർ ഫാറം 24എ-യിൽ രേഖപ്പെടുത്തിയിരിക്കുന്ന നമ്പർ എന്ന് പരിശോധിക്കേണ്ടതാണ്.

7. കൺട്രോൾ യൂണിറ്റിനെ ചുറ്റി സീൽ ചെയ്തിരിക്കുന്ന ഒരു സ്ട്രിപ്പ് സീൽ ഓരോ യൂണിറ്റിലും കാണാവുന്നതാണ്. അതിൽ പ്രിസൈഡിംഗ് ആഫീസറുടെ ഒപ്പും പോളിംഗ് ഏജന്റുമാരുടെ ഒപ്പും ഉണ്ടായിരിക്കുന്നതാണ്. അതിൽ കൃത്യമായി ഒരു നമ്പരും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ മുദ്രയും ആലേഖനം ചെയ്തിട്ടുണ്ടായിരിക്കും.

8. സ്ട്രിപ്പ് സീലും റിസൾട്ട് സെക്ഷനിലെ സീലും മാറ്റിയശേഷം റിസൾട്ട് സെക്ഷന്റെ വെളിയിലെ കമ്പാർട്ട്മെന്റ് തുറക്കാവുന്നതാണ്. റിസൾട്ട് സെക്ഷൻ തുറക്കുമ്പോൾ "ക്ലോസ്" ബട്ടന് മുകളിലായി ഒരു സ്പെഷ്യൽ ടാഗ് കാണാവുന്നതാണ്. അതിന് ഒരു നമ്പരും പ്രിസൈഡിംഗ് ഓഫീസറുടെ ഒപ്പും അതിൽ ഉണ്ടായിരിക്കുന്നതാണ്. കൂടാതെ റിസൾട്ട് സെക്ഷനിൽ ഒരു "ഗ്രീൻ പേപ്പർ സീൽ" ഉണ്ടായിരിക്കുന്നതും അതിൽ പ്രിസൈഡിംഗ് ആഫീസറുടെ ഒപ്പും പോളിംഗ് ഏജന്റുമാരുടെ ഒപ്പുകളും കാണാവുന്നതാണ്. പ്രസ്തുത പേപ്പർ സീലിന്റെ നമ്പർ ഫാറം 24 എ-യിൽ പ്രിസൈഡിംഗ് ഓഫീസർ രേഖപ്പെടുത്തിയിട്ടുള്ള പേപ്പർസീലിന്റെ നമ്പർ തന്നെയാണോയെന്ന് പരിശോധിക്കേണ്ടതാണ്.